പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1299

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>,, വി. പി. സജീന്ദ്രൻ<br>,, സി. പി. മുഹമ്മദ്<br>,, ലൂഡി ലൂയിസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഈ സർക്കാരിന്റെ കാലത്ത് പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ച സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു |

| ക്രമ നം | വിഷയം | 2011-12 | 2012-13 | 2013-14 ജൂൺ മാസം 10 വരെ |
|---|---|---|---|---|
| 1 | തൊഴിൽ ലഭിച്ച കുടുംബങ്ങ ളുടെ എണ്ണം | 1416441 | 1693287 | 106461 |
| 2 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 533.10 | 836.41 | 8.73 |
| 3 | ആകെ ലഭ്യമായ തുക (ലക്ഷത്തിൽ) | 112923.29 | 143121.02 | 43904.43 |
| 4 | ആകെ ചെലവ്( തുക ലക്ഷത്തിൽ) | 104807.49 | 141668.6 | 10231.58 |
| | ചെലവിന്റെ ശതമാനം | 92.81 | 98.98 | 23.30 |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം എത്ര കോടി രൂപ പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിച്ചു; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം (2010-11) സംസ്ഥാനത്ത് 84856.27 ലക്ഷം രൂപ ലഭ്യമായിരുന്നു. ഇതിൽ 70162.19 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം (2012-13) സംസ്ഥാനത്ത് 141668.6 ലക്ഷം രൂപ പദ്ധതിയിൽ ചെലവഴിച്ചു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മുന്നേറ്റ ങ്ങൾ കൈവരിക്കാൻ എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചിട്ടു ള്ളത്; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി) | പദ്ധതിയിൽ മുന്നേറ്റങ്ങൾ കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>*എ)* ലേബർ ബഡ്ജറ്റ് കൃത്യതയോടുകൂടി ചിട്ടപ്പെടുത്തുവാൻ കഴിഞ്ഞു.<br>*ബി)* പദ്ധതിയിൽ കൈവരിച്ച പുരോഗതിക്കനുസൃതമായി ലേബർ ബഡ്ജറ്റ് വർദ്ധിപ്പിക്കുന്നതിന് 2011-12,2012-13 സാമ്പത്തിക വർഷങ്ങളിൽ ലേബർ ബഡ്ജറ്റ് പുതുക്കുന്നതിന് കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന് അനുമതി ലഭ്യമാക്കുകയും ചെയ്തു.<br>*സി)* പദ്ധതി പ്രവർത്തനം കൂടുതൽ വ്യാപിപ്പിച്ചതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം ഫലപ്രദമായി പരിഹരിക്കുന്നതിന് 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും ഒരു എഞ്ചിനീയർ/ ഓവർസീയർ എന്നിവരേയും നിയമിക്കുന്നതിന് അനുമതി നൽകി. കൂടാതെ 2012-13 ൽ 2 കോടിയിലധികം ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ മൂന്നാമത്തെ ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെയും എഞ്ചിനീയർ/ ഓവർസീയർ എന്നിവരെയും നിയമിക്കുന്നതിന് അനുമതി നൽകി.<br>*ഡി)* ഗ്രാമപഞ്ചായത്തിലെ വാർഡ്തലത്തിൽ പദ്ധതി പ്രവർത്തനം ഫലപ്രദമാക്കുന്നതിനും മോണിറ്ററിംഗിനു മായി വാർഡ്മെമ്പറുടെ അധ്യക്ഷതയിൽ വാർഡ്തല കോർഡിനേഷൻ സമിതികൾ രൂപീകരിച്ചു.<br>*ഇ)* പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതി ലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം(ഇ-എഫ്.എം.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടി കൾ പുരോഗമിച്ച് വരുന്നു.<br>*എഫ്)* മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തു കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ